P.R. No.160/2026 Thrissur, 17/08/2026

## പത്രക്കുറിപ്പ്

# ഫാർമസി വിദ്യാഭ്യാസത്തിൽ നൂതന സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തും

### *രണ്ട് പുതിയ എം ഫാം പ്രോഗ്രാമുകൾ തുടങ്ങാനും പദ്ധതി*

തൃശ്ശൂർ: ഫാർമസി വിദ്യാഭ്യാസരംഗത്ത് നൂതന ആശയങ്ങളും സാങ്കേതിക മുന്നേറ്റങ്ങളും ഉൾപ്പെടുത്തുന്നതിനുള്ള നടപടികളുമായി ഫാർമസി കൗൺസിൽ ഓഫ് ഇന്ത്യ (പി.സി.ഐ). ഫാർമസ്യൂട്ടിക്കൽ മേഖലയിലെ അതിവേഗം മാറുന്ന സാങ്കേതികവിദ്യകളും നൂതന കണ്ടുപിടിത്തങ്ങളും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തി വിദ്യാർഥികളെ ഭാവിയിലെ തൊഴിൽ-ഗവേഷണ മേഖലകൾക്ക് സജ്ജരാക്കുകയാണ് ലക്ഷ്യമെന്ന് പി.സി.ഐ വൈസ് പ്രസിഡന്റ് ശ്രീ. ജഷ്ഭായ് ഹീരാഭായ് ചൗധരി പറഞ്ഞു.

കേരള ആരോഗ്യശാസ്ത്ര സർവകലാശാലയിലെ ഫാക്കൽറ്റി ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസസും ഫാർമസി കൗൺസിൽ ഓഫ് ഇന്ത്യയും സംയുക്തമായി സംഘടിപ്പിച്ച അഞ്ചുദിവസത്തെ ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സാങ്കേതികവിദ്യയിലും നവീകരണത്തിലും ഉണ്ടാകുന്ന അതിവേഗ മാറ്റങ്ങൾ ഫാർമസി മേഖലയിലും പ്രതിഫലിക്കുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ഈ മാറ്റങ്ങൾ ഉൾക്കൊള്ളുന്നതിനായാണ് ബി.ഫാം പാഠ്യപദ്ധതി പരിഷ്കരിച്ചത്. പുതുക്കിയ പാഠ്യപദ്ധതിയുടെ നേട്ടങ്ങൾ വിദ്യാർഥികളിലെത്താൻ അതിന്റെ ഫലപ്രദമായ നടപ്പാക്കൽ അനിവാര്യമാണ്. ഇതുവരെ സൈദ്ധാന്തിക പഠനത്തിനായിരുന്നു കൂടുതൽ പ്രാധാന്യം നൽകിയിരുന്നതെങ്കിൽ, ഇനി ഗവേഷണത്തിനും പ്രായോഗിക പഠനത്തിനും കൂടുതൽ ഊന്നൽ നൽകുന്ന രീതിയിലേക്ക് മാറേണ്ടതുണ്ടെന്നും അധ്യാപകർ വഴികാട്ടികളായി പ്രവർത്തിക്കണമെന്നും അദ്ദേഹം പറഞ്ഞു.

ഫാം.ഡി, എം.ഫാം പാഠ്യപദ്ധതികൾ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണെന്നും അടുത്ത അധ്യയന വർഷം പുതുക്കിയ പാഠ്യപദ്ധതി നടപ്പാക്കാനാകുമെന്നും അദ്ദേഹം അറിയിച്ചു. മെഡിക്കൽ ഡിവൈസസ്, ഫാർമസ്യൂട്ടിക്കൽ മാനേജ്മെന്റ് എന്നീ മേഖലകളിൽ രണ്ട് പുതിയ എം.ഫാം പ്രോഗ്രാമുകൾ ആരംഭിക്കാനും പി.സി.ഐ പദ്ധതിയിടുന്നുണ്ട്. ഫാർമസി വിദ്യാഭ്യാസത്തിൽ ഗവേഷണത്തിന് കൂടുതൽ പ്രാധാന്യം നൽകുകയും വിദ്യാർഥികളുടെ കഴിവുകൾ വികസിപ്പിക്കുകയും ചെയ്യുകയാണ് ലക്ഷ്യമെന്നും അദ്ദേഹം വ്യക്തമാക്കി.

പരിപാടിയിൽ കെ.യു.എച്ച്.എസ് വൈസ് ചാൻസലർ പ്രൊഫ. ഡോ. മോഹനൻ കുന്നുമ്മൽ അധ്യക്ഷനായി. അറിവ് അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പുതിയ അറിവുകൾ ഉൾപ്പെടുത്തുന്നതിനായി പാഠ്യപദ്ധതി നിരന്തരം പരിഷ്കരിക്കേണ്ടതുണ്ടെന്ന് അദ്ദേഹം പറഞ്ഞു. അറിവ് ശേഖരിച്ച് വിദ്യാർഥികളിലേക്ക് പകർന്നുനൽകുന്നതിൽ അധ്യാപകർക്ക് പ്രധാന പങ്കുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പ്രോ–വൈസ് ചാൻസലർ പ്രൊഫ. ഡോ. സി.പി. വിജയൻ, രജിസ്ട്രാർ പ്രൊഫ. ഡോ. എസ്. ഗോപകുമാർ, അക്കാദമിക് സ്റ്റാഫ് കോളജ് ഡയറക്ടർ ഡോ. വി.വി. ഉണ്ണികൃഷ്ണൻ, പി.സി.ഐ സെൻട്രൽ കൗൺസിൽ അംഗം ഡോ. ശരത് ചന്ദ്രൻ സി., ഫാക്കൽറ്റി ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസസ് ഡീൻ ഡോ. രാജശ്രീ ആർ.എസ്., ഡോ. ആകാശ് മരതകം എന്നിവർ സംസാരിച്ചു.

കേരള ആരോഗ്യശാസ്ത്ര സർവകലാശാലക്ക് കീഴിലുള്ള 69 അഫിലിയേറ്റഡ് കോളേജുകളിൽനിന്നായി 70 പ്രിൻസിപ്പൽമാരും സ്ഥാപന മേധാവികളും പങ്കെടുത്തു. വാര്ന്നദിവസങ്ങളിലായി 490 അധ്യാപകർക്കും പ്രിൻസിപ്പൽമാർക്കും പരിശീലനം നൽകും.

Registrar